**15 -ാം കേരള നിയമസഭ**

**12 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1022** **09-10-2024 - ൽ മറുപടിയ്ക്ക്**

**ചെല്ലൻകാവ് മിനിഡാം നിർമ്മാണ പ്രവൃത്തിയുടെ പുരോഗതി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. എ. പ്രഭാകരൻ | | ശ്രീ. റോഷി അഗസ്റ്റിൻ<br>(ജലവിഭവ വകുപ്പ് മന്ത്രി) | |
| (എ) | 2020-21 വർഷത്തെ സംസ്ഥാന ബജറ്റിൽ നാല് കോടി രൂപ അനുവദിച്ച മലമ്പുഴ മണ്ഡലത്തിൽ പുതുശ്ശേരി പഞ്ചായത്തിലെ ചെല്ലൻകാവ് മിനിഡാം നിർമ്മാണ പ്രവൃത്തിയുടെ നിലവിലെ സ്ഥിതി അറിയിക്കാമോ; | (എ) | 2020-21 വർഷത്തെ സംസ്ഥാന ബജറ്റിൽ, മലമ്പുഴ മണ്ഡലത്തിലെ പുതുശ്ശേരി പഞ്ചായത്തിലെ ചെല്ലൻകാവ് മിനിഡാം നിർമ്മാണ പ്രവൃത്തിക്ക് നാല് കോടി രൂപ അടങ്കൽ തുകയുടെ 20% തുകയായ 80 ലക്ഷം രൂപ വകയിരുത്തിയിരുന്നു. ചെല്ലൻകാവ് ഏരിയുടെയും തോടിന്റെയും പുനർനിർമ്മാണ പ്രവൃത്തിയുടെ വിശദമായ എസ്റ്റിമേറ്റ്/Detailed Project Report (DPR) തയ്യാറാക്കുന്നതിനായുള്ള ഡിസൈനും ഡ്രോയിംഗും പൂർത്തീകരിച്ച് ഐഡിആർബി കാര്യാലയത്തിൽ നിന്നും 03/10/2024-ന് അംഗീകാരം നൽകുകയും പ്രസ്തുത ഡ്രോയിംഗിന്റെ പകർപ്പുകൾ 05/10/2024-ൽ ഐഡിആർബി കാര്യാലയത്തിൽ നിന്നും ജലസേചനവും ഭരണവും ചീഫ് എഞ്ചിനീയർക്കും ബന്ധപ്പെട്ട ഫീൽഡ് ഓഫീസർമാർക്കും നൽകിയിട്ടുണ്ട്. |
| (ബി) | പ്രസ്തുത പദ്ധതിയുടെ സോയിൽ ഇൻവസ്റ്റിഗേഷൻ, സോയിൽ ടെസ്റ്റിംഗ്, സർവെ എന്നിവ പൂർത്തിയാക്കി ഡിസൈൻ തയ്യാറാക്കുന്നതിനായി ഐ.ഡി.ആർ.ബി. (ഇറിഗേഷൻ ഡിസൈൻ ആന്റ് റിസർച്ച് ബോർഡ്) ചീഫ് എഞ്ചിനീയറുടെ കാര്യാലയത്തിലേക്ക് ജലസേചന വകുപ്പ് ചീഫ് എഞ്ചിനീയർ പ്രൊപ്പോസൽ സമർപ്പിച്ചിട്ടുണ്ടോ; എങ്കിൽ ആയത് സമർപ്പിച്ച തീയതി, കത്തിന്റെ പകർപ്പ് എന്നീ വിശദാംശം ലഭ്യമാക്കാമോ; | (ബി) | പ്രസ്തുത പദ്ധതിയുടെ സോയിൽ ഇൻവെസ്റ്റിഗേഷൻ, സോയിൽ ടെസ്റ്റിംഗ്, സർവെ എന്നിവ പൂർത്തിയാക്കി ഡിസൈൻ തയ്യാറാക്കുന്നതിനായി ജലസേചനവും ഭരണവും ചീഫ് എഞ്ചിനീയറുടെ 30/11/2023 ലെ CEIA/6792/2023-DB1(W2)നമ്പർ കത്ത് പ്രകാരം ഐ.ഡി.ആർ.ബി ചീഫ് എഞ്ചിനീയറുടെ കാര്യാലയത്തിലേക്ക് പ്രൊപ്പോസൽ സമർപ്പിച്ചിരുന്നു. കത്തിന്റെ പകർപ്പ് അനുബന്ധമായി ചേർത്തിരിക്കുന്നു. |
| (സി) | പ്രസ്തുത പദ്ധതിയുടെ ഡിസൈൻ തയ്യാറാക്കുന്നതിന് ഐ.ഡി.ആർ.ബി. ചീഫ് എഞ്ചിനീയറുടെ ഓഫീസിൽ നിന്ന് നാളിതുവരെ സ്വീകരിച്ച് വന്നിട്ടുള്ള നടപടികൾ വിശദമാക്കാമോ; പദ്ധതിയുടെ ഡിസൈൻ തയ്യാറാക്കുന്ന പ്രവൃത്തി എന്നത്തേക്ക് പൂർത്തിയാക്കാൻ സാധിക്കുമെന്ന് അറിയിക്കാമോ? | (സി) | ഐ.ഡി.ആർ.ബി കാര്യാലയത്തിൽ നിന്നും പ്രസ്തുത പ്രവൃത്തിയുടെ സ്ഥല സന്ദർശനം 06-02-2024 ൽ ചീഫ് എഞ്ചിനീയർ (in charge) (ഐ. ഡി. ആർ. ബി) യുടെ നേതൃത്വത്തിൽ നടത്തുകയും ഡിസൈൻ ആരംഭിയ്ക്കുന്നതിന് ആവശ്യമായ ചില വ്യക്തതകൾ ലഭിയ്ക്കുന്നതിനായി 02-03-2024-ന് ചീഫ് എഞ്ചിനീയറെയും (ജലസേചനവും ഭരണവും) |

| | | | |
|---|---|---|---|
| | | | ബന്ധപ്പെട്ട ഫീൽഡ് ഓഫീസർമാരെയും അറിയിക്കുകയും ചെയ്തു. ആയതിന് ജലസേചനവും ഭരണവും ചീഫ് എഞ്ചിനീയറുടെ 04-08-2024 തീയതിയിലെ കത്ത് പ്രകാരം ലഭിച്ച മറുപടിയുടെ അടിസ്ഥാനത്തിൽ മുൻഗണനാ ക്രമം അനുസരിച്ച് ഡിസൈനും, ഡ്രോയിംഗും പൂർത്തീകരിച്ച് ഐ.ഡി.ആർ.ബി കാര്യാലയത്തിൽ 03-10-2024 ന് അംഗീകാരം നൽകിയിട്ടുണ്ട്. പ്രസ്തുത ഡ്രോയിംഗിന്റെ പകർപ്പുകൾ 05-10-2024 ൽ ഐ.ഡി.ആർ.ബി കാര്യാലയത്തിൽ നിന്നും ജലസേചനവും ഭരണവും ചീഫ് എഞ്ചിനീയർക്കും ബന്ധപ്പെട്ട ഫീൽഡ് ഓഫീസർമാർക്കും നൽകിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ

No. CEIA/6792/2023/DBI (W2 )

Office of the Chief Engineer.
Irrigation and Administration,
Thiruvananthapuram-695033.
e-mail: ceworksirrigation@gmail.com0
Dated:30-11-2023

From
Chief Engineer

To
The Chief Engineer
IDRB,
Vikas Bhavan
Thiruvananthapuram

Sir,

Sub:- Chellankavu ERI- Construction of Mini Dam at Chellankavu in Pudussery Panchayath in Palakkad District-Design Intent – Submitting – Reg:-

Ref:- Letter. No. D4- 3750/2023 Dated. 25/11/2023 of the Superintending Engineer Minor Irrigation Central Circle Ernakulam

As per the reference cited above, the Superintending Engineer Minor Irrigation Central Circle Ernakulam has reported that the investigation work of the subject work has been completed and the investigation report, bore hole details etc are submitted for the design of Mini dam.

I am forwarding herewith the investigation report, bore hole details,soil investigation report, topographic survey maps, design indent etc.of the above work for finalising the design.

Yours faithfully

Sd/-

Chief Engineer
( Full Additional Charge )

Encl:- 1.Design indent for Earthen Dam
2. Bore hole details
3. Investigation report
4. Soil investigation report
5. Topographic survey maps of chellankavu Eri and thodu
6. C/S and L/S of bund of Eri
7.C/S and L/S of Chellankavu thodu near to Eri
8.C/S and L/S of Chempilikkara thodu north side of Eri

Sandhya
സെക്ഷൻ ഓഫീസർ